**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1803** **29-09-2025 - ൽ മറുപടിയ്ക്ക്**

**പുതിയ കോഴ്സുകൾക്കാവശ്യമായ അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ 2020-ൽ പുതുതായി എത്ര കോഴ്സുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ആർട്സ് & സയൻ സ് കോളേജുകളിൽ, സ്വാശ്രയ മേഖ ലയിലേതുൾപ്പെടെ, 2020-ൽ പുതുതായി അനുവദിച്ച കോഴ്സുകളുടെ എണ്ണം സർവ്വകലാശാല തിരിച്ച് ചുവടെ കൊടുക്കുന്നു.<br>കേരള സർവ്വകലാശാല : 108<br>മഹാത്മാഗാന്ധി സർവ്വകലാശാല : 2808<br>കാലിക്കറ്റ് സർവ്വകലാശാല : 137<br>കണ്ണൂർ സർവ്വകലാശാല : 87 |
| (ബി) | ഇതിനാവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിശ്ചയിച്ചിരുന്നത്; വ്യക്തമാക്കാമോ; | (ബി) | 05.11.2020 തീയതിയിലെ സ.ഉ.(കൈ) നം. 389/2020/HEDN നമ്പർ ഉത്തരവ് പ്രകാരം സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതുതായി അനുവദിക്കപ്പെട്ട കോഴ്സുകൾക്ക് 2025 വരെ പുതിയ തസ്തിക അനുവദിക്കുകയില്ല എന്നും ഗസ്റ്റ് അധ്യാപക സേവനം ഉപയോഗപ്പെടുത്തി ക്ലാസുകൾ കൈകാര്യം ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എത്ര അദ്ധ്യാപക തസ്തികകൾ ഇനിയും സൃഷ്ടിക്കാനുണ്ട്; ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | നാലുവർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നത് വരെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നിലനിറുത്തി ലോക്ക് ചെയ്യുന്നു എന്ന് ഉത്തരവായിരുന്നു. നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുമ്പോൾ കോളേജ് അധ്യാപകരുടെ ജോലിഭാരം നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പുനർനിശ്ചയിച്ചിട്ടില്ല. ആയതിനാൽ സൃഷ്ടിക്കാനുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ